**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2673** **12-07-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ കോളനി നവീകരണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കോളനികളുടെ നവീകരണത്തിന് വിവിധ പദ്ധതികളിലൂടെ സർക്കാർ അനുവദിക്കുന്ന പണം സമയബന്ധിതമായി ചെലവഴിക്കാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിരുന്നു |
| (ബി) | അംബേദ്ക്കർ ഗ്രാമം പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ഓരോ പ്രവൃത്തിക്കും പ്രത്യേക കലണ്ടർ തയ്യാറാക്കി മാസം തോറും മോണിറ്ററിംഗ് നടത്തുന്നതിന് നിർദ്ദേശം നൽകാമോ; | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം കോളനികളിൽ നടപ്പിലാക്കി വരുന്ന നിർമ്മാണ പ്രവൃത്തികൾ ജില്ലാതലത്തിൽ മോണിറ്ററിംഗ് നടത്തി വരുന്നുണ്ട്.<br><br>പട്ടികജാതി വികസന വകുപ്പ് അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി പ്രത്യേക കലണ്ടർ തയ്യാറാക്കി മാസം തോറും മോണിറ്ററിംഗ് നടത്തുന്നതിന് വകുപ്പ് ഡയറക്ടറേറ്റിലെ ഉത്തരവ് നമ്പർ ഡെവ.സി1-12395/21 തീയതി 16.03.2022 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | കോളനി നവീകരണ പ്രവൃത്തികൾ ഏറ്റെടുക്കുന്ന ഏജൻസികൾ അവരുടെ ചുമതല നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി ആക്ഷേപങ്ങൾ ഉയർന്നു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കാമോ? | (സി) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വകുപ്പ് മന്ത്രി തലത്തിൽനിർവഹണ ഏജൻസികളുടെയും ഉദ്യോഗസ്ഥരുടെയും അവലോകനയോഗം രണ്ടു തവണ നടത്തുകയുണ്ടായി. പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിക്കുന്നതിന് ഡയറക്ടറേറ്റ് തലത്തിലും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പട്ടികജാതി വികസന വകുപ്പ് ജില്ലാ കളക്ടർ, അസി.കളക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ജില്ലാ തലത്തിൽ നിർമ്മാണ ഏജൻസികളുടെ യോഗം |

| | | | |
|---|---|---|---|
| | | | വിളിച്ച് ചേർക്കുകയും പ്രവൃത്തി പുരോഗതി വിലയിരുത്തുകയും പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.<br><br>അംബേദ്കർഗ്രാമം പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കി , പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനു പദ്ധതി നടത്തിപ്പിലെ വ്യവസ്ഥകൾ 3/12/2021 ലെ സ. ഉ. (കൈ) നം. 54/2021/പ.ജ.പ.വി.വ പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് പ്രവൃത്തികൾ ജില്ലാതലത്തിൽ കാലികമായി അവലോകനം ചെയ്യാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എമാരുടെ അധ്യക്ഷതയിൽ മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചു ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ